# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2423 17.08.2017 -ലെ മറുപടി

## നദികൾ സംരക്ഷിക്കാൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഉമ്മർ<br>" പി.ഉബൈദുള്ള<br>" എൻ.ഷംസുദ്ദീൻ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ നദികൾ സംരക്ഷിക്കാൻ ഏതെങ്കിലും പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) വേനൽക്കാലമാകുന്നതോടുകൂടി നീരൊഴുക്ക് വളരെക്കുറയുന്ന നദികളുടെ എണ്ണം വർദ്ധിച്ചു വരുന്നതിനാൽ മഴക്കാലത്ത് ലഭ്യമാകുന്ന ജലം നദികളിൽത്തന്നെ സംഭരിക്കുക എന്ന ലക്ഷ്യത്തോടെ തടയണകൾ, റെഗുലേറ്ററുകൾ. എന്നിവ നിർമ്മിക്കുന്നതിന് ലക്ഷ്യമിടുന്നു. ഈ വർഷത്തെ ബജറ്റിൽ പ്രത്യേക നിക്ഷേപ പദ്ധതിയിലുൾപെടുത്തി 30 റെഗുലേറ്ററുകൾ നിർമ്മിക്കുന്നതിനു വേണ്ട ആസൂത്രണപര്യവേഷണപ്രവർത്തനം നടന്നു വരുന്നു. കൂടാതെ ഹരിത കേരള മിഷന്റെ ഉപമിഷനായ മണ്ണ്- ജല സംരക്ഷണമിഷന്റ ഭാഗമായി രണ്ടാംഘട്ട പ്രവർത്തനം എന്ന നിലയിൽ നദീതട അടിസ്ഥാനത്തിൽ നദീ പുനരുജ്ജീവന പദ്ധതികൾ വിവിധ വകുപ്പുകൾ, ഏജൻസികൾ എന്നിവയുടെ ഏകോപനത്തോടെ നിർവ്വഹിക്കുന്നതിന് ലക്ഷ്യമിടുന്നു. |
| (ബി) നദികളുടെ പരിരക്ഷണത്തിനായി കേന്ദ്രസർക്കാർ എന്തെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അത് പാലിക്കുന്നതിൽ ഏതു രീതിയിലുള്ള നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | (ബി) "ഇന്റഗ്രേറ്റഡ്ആന്റ് ഹോളോസ്റ്റിക് അപ്രോച്ച് ഫോർ റീജ്യുവനേഷൻ ഓഫ് റിവേഴ്സ്' എന്ന കരട് മാർഗ്ഗനിർദ്ദേശം, കേന്ദ്രസർക്കാർ തയ്യാറാക്കി, സംസ്ഥാനങ്ങളുടെ അഭിപ്രായത്തിനായി നല്കിയിട്ടുണ്ട്. നദികൾ മാലിന്യമുക്തമാക്കി സംരക്ഷിക്കുക, നദീതടസംരക്ഷണ പദ്ധതികൾ നടപ്പിലാക്കുക, നദീതടത്തിലാകെയും നദീതീരത്ത് പ്രത്യേകിച്ചും വൃക്ഷവത്ക്കരണം നടത്തുക, കാർഷികാവശ്യം കഴിഞ്ഞ് നദികളിൽ എത്തിച്ചേരുന്ന കീടനാശിനികളുടെ അളവ് ഇല്ലാതാക്കുക തുടങ്ങിയവ ഇതിന്റെ ലക്ഷ്യങ്ങളാണ്. 'നീർത്തടാധിഷ്ഠിത പദ്ധതികൾ തയ്യാറാക്കി വേണം നദീപുന:രുജ്ജീവന പദ്ധതികൾ നടപ്പിലാക്കേണ്ടത്' എന്ന നിർദ്ദേശവും പ്രസ്തുത രേഖയിലുണ്ട്. |

(സി) ഭാരതപ്പുഴ പോലുള്ള പ്രധാന നദികൾ പോലും വേനൽക്കാലത്ത് പല ഭാഗങ്ങളും വറ്റി വരണ്ട് ഇല്ലാതാകുന്ന അവസ്ഥ ഒഴിവാക്കാൻ എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

ഐക്യരാഷ്ട്ര സംഘടനയുടെ നേതൃത്വത്തിലുള്ള 'ഗ്രീൻ ക്ലൈമറ്റ് ഫണ്ട്' മുഖേനയുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പദ്ധതി രേഖ സംസ്ഥാന തല എംപവേർഡ് കമ്മിറ്റി മുൻപാകെ അവതരിപ്പിക്കുകയും കമ്മിറ്റിയിൽ വന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പദ്ധതി രേഖ പുതുക്കുകയും ചെയ്തിട്ടുണ്ട്. നബാർഡ്, കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാവ്യതിയാനം വകുപ്പ് എന്നിവയുടെ അംഗീകാരത്തോടെ ഗ്രീൻ ക്ലൈമറ്റ് ഫണ്ട് പദ്ധതിനിർദ്ദേശം സമർപ്പിക്കുവാൻ കഴിയും.

വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നീർത്തടാധിഷ്ഠിത പദ്ധതിയായി നടപ്പിലാക്കുന്നതിനാണ് പദ്ധതി രേഖ വിഭാവനം ചെയ്യുന്നത്.

സെക്ഷൻ ഓഫീസർ